
**Knanaya Catholic Region Bulletin**
**St. Thomas Syro-Malabar Catholic Diocese of Chicago**
**Region Director: Fr. Abraham Mutholath, 5212 W. Agatite Ave, Chicago, IL 60630**
**January 11, 2009, Vol. 1, Issue 1 (Vol. 4, Issue 16 of SHKC Parish Chicago)**
**All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm**




# മാക്കീൽ പിതാവും പൂതത്തിലച്ചനും ഇനി ദൈവദാസർ



മാർ മാത്യു മാക്കീൽ



പൂതത്തിൽ തൊമ്മിയച്ചൻ

ക്നാനായ സമുദായത്തിന്റെ കഴിഞ്ഞ 16ലധികം നൂറ്റാണ്ടിന്റെ ചരിത്രത്തിൽ ഇദംപ്രഥമമായി രണ്ടുപേർ ദൈവദാസരായി പ്രഖ്യാപിക്കപ്പെടുന്നു. ചങ്ങനാശ്ശേരി വികാരിയാത്തിന്റെയും, പിന്നീട് തെക്കുംഭാഗർക്കായി നല്കപ്പെട്ട കോട്ടയം വികാരിയാത്തിന്റെയും പ്രഥമ വികാരി അപ്പസ്തോലിക്കയും വിസിറ്റേഷൻ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനുമായ അഭിവന്ദ്യ മാക്കീൽ പിതാവും, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ തല്പരനും സെന്റ് ജോസഫ്സ് സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനുമായ പൂതത്തിൽ ബഹുമാനപ്പെട്ട തൊമ്മിയച്ചനുമാണ് ഈ ദൈവദാസർ.

ഇവരെ ദൈവദാസരായി പ്രഖ്യാപിക്കുന്നത് ജനുവരി 26ന് ഉച്ചകഴിഞ്ഞ് 2:30ന് ക്രിസ്തു രാജ കത്തീഡ്രലിലാണ്. വിശുദ്ധരായി നാമകരണം ചെയ്യുന്നതിനുള്ള മൂന്നു ഘട്ടങ്ങളിൽ ആദ്യത്തേതാണ് ദൈവദാസരായുള്ള പ്രഖ്യാപനം. ഇതിനുവേണ്ട അനുവാദം സീറോമലബാർ സിനഡും പരിശുദ്ധ സിംഹാസനവും നല്കുകയുണ്ടായി.


# ഡിട്രോയിറ്റിലും ലാസ് വേഗാസിലും ക്നാനായ മിഷനുകൾ



Bishop Mar Jacob Angadiath



Rev. Fr. Abraham Mutholath




Rev. Fr. Thomas Mulavanal


ഡിട്രോയിറ്റ്, ലാസ് വേഗാസ് എന്നീ നഗരങ്ങൾ കേന്ദ്രമാക്കി പുതിയ ക്നാനായ കാത്തലിക് മിഷനുകൾ സ്ഥാപിച്ചുകൊണ്ട് ഷിക്കാഗോ സീറോ-മലബാർ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയാത്ത് കല്പന പുറപ്പെടുവിച്ചു. ഈ ക്നാനായ കാത്തലിക് മിഷനുകൾ ജനുവരി മൂന്നിന് നിലവിൽ വന്നു.

മിച്ചിഗൺ സ്റ്റേറ്റിലുള്ള ക്നാനായ കത്തോലിക്കർ ഉൾക്കൊള്ളുന്ന ഡിട്രോയിറ്റ് ക്നാനായ മിഷന്റെ ചുമതല വികാരി ജനറാളും ക്നാനായ റീജിയൺ ഡയറക്ടറുമായ ഫാ. ഏബ്രഹാം മുത്തോലത്തിനാണ്. നെവാഡാ, അരിസോണാ സ്റ്റേറ്റുകളിലെ ക്നാനായക്കാർക്കുവേണ്ടിയുള്ള ലാസ് വേഗാസിലെ സെന്റ് സ്റ്റീഫൻസ് ക്നാനായ കാത്തലിക് മിഷന്റെ ഡയറക്ടർ ലോസ് ആഞ്ചലസ് സെന്റ് പയസ് ടെൻത് ക്നാനായ മിഷൻ ഡയറക്ടർകൂടിയായ ഫാ. തോമസ് മുളവിനാലാണ്.

# ഫാ. പൊങ്ങാനായിൽ ന്യൂയോർക്ക് - ന്യൂജേഴ്സി മിഷനുകളുടെ ഡയറക്ടർ



ന്യൂയോർക്ക് - ന്യൂജേഴ്സി ഭാഗങ്ങളിലുള്ള നാലു ക്നാനായ കാത്തലിക് മിഷനുകളുടെ പുതിയ ഡയറക്ടറായി റവ. ഫാ. ജെയിംസ് പൊങ്ങാനായിലിനെ അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയാത്തു പിതാവ് ജനുവരി ഒന്നു മുതൽ നിയമിച്ചു. ഈ മിഷനുകളുടെ ഡയറക്ടറായിരുന്ന റവ. ഫാ. തോമസ് പ്രാലേൽ നാട്ടിലേയ്ക്കു പോയ ഒഴിവിലേയ്ക്കാണ് ഈ നിയമനം. ബ്രൂക്ലിൻ, ന്യൂവാർക്ക്, റോക്‌ലാൻഡ്, വെസ്റ്റ് ചെസ്റ്റർ ആന്റ് ബ്രോങ്ക്സ് എന്നിവയാണ് നാലു ക്നാനായ മിഷനുകൾ.



# വികാരി ജനറാളിന്റെ സന്ദേശം

## ക്നാനായ കാത്തലിക് റീജിയണും ഈ ന്യൂസ്‌ലെറ്ററും

എന്റെ പ്രിയ ക്നാനായ കുടുംബാംഗങ്ങളേ,

ഇൻഡ്യയുടെ മൂന്നിരട്ടിയോളം വലിപ്പമുള്ള അമേരിക്കൻ ഐക്യനാടുകൾ മുഴുവൻ വ്യാപിച്ചു കിടക്കുന്ന ഷിക്കാഗോ സെന്തോമസ് സീറോ-മലബാർ രൂപതയെ പ്രാദേശിക അജപാലന പ്രവർത്തനങ്ങൾക്കായി ഏഴു റീജിയണുകളായി 2006 ഏപ്രിൽ 28ന് മാർ ജേക്കബ് അങ്ങാടിയാത്തു പിതാവു തിരിക്കുകയുണ്ടായി. അപ്പോൾ നമ്മുടെ താല്പര്യപ്രകാരം ക്നാനായ മിഷനുകളെ ദേശീയാടിസ്ഥാനത്തിൽ തന്നെ ഒരു റീജിയണായി അദ്ദേഹം സ്ഥാപിച്ചു. മാത്രമല്ല, മറ്റു റീജിയണുകളിൽനിന്നു വ്യത്യസ്തമായി, ക്നാനായ മിഷനുകൾ ഇല്ലാത്ത സ്ഥലങ്ങളിലെ ക്നാനായക്കാരെയും ഈ റീജിയന്റെ കീഴിൽ ഉൾപ്പെടുത്തി അവരുടെ അജപാലന ശുശ്രൂഷയുടെ ചുമതലയും, അവരെ അജപാലനപരമായി സംഘടിപ്പിക്കുവാനുള്ള ഉത്തരവാദിത്വവും വികാരി ജനറാൾകൂടിയായ റീജിയൺ ഡയറക്ടറെ ഏല്പിക്കുകയുണ്ടായി. അതുവഴി കേരളത്തിലെ സീറോമലബാർ സഭയിൽ ക്നാനായക്കാർക്കുള്ള വ്യക്തിഗത അജപാലന സംവിധാനം നമുക്ക് ഇവിടെയും ലഭിച്ചു.

കഴിയുന്നത്ര സ്ഥലങ്ങളിൽ മിഷനുകൾ സ്ഥാപിക്കുക, മിഷനുകൾ പള്ളിയും അനുബന്ധ സ്ഥാപനങ്ങളും സ്വന്തമാക്കി ഇടവകകളായി വളരുവാൻ പ്രോത്സാഹിപ്പിക്കുക, അജപാലന സംവിധാനങ്ങൾ മെച്ചപ്പെടുത്തി അവയെ റീജിയൺ തലത്തിൽ ക്രോഡീകരിക്കുക, തുടങ്ങിയവയാണ് റീജിയന്റെ പ്രവർത്തനങ്ങൾ, റീജിയൺ നിലവിൽ വന്ന സമയത്ത് പുതിയ മിഷനുകൾ സ്ഥാപിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിരുന്നു. അതിനാൽ പരിമിതമായ വികസനമേ റീജിയന്റെ നേതൃത്വത്തിൽ സാധ്യമായിരുന്നുള്ളു.

റീജിയൺ ഉണ്ടായതിനു ശേഷം ഷിക്കാഗോ മിഷൻ പള്ളി വാങ്ങി ഇടവകയായി ഉയർന്നു. മയാമിയിൽ പുതിയ മിഷൻ സ്ഥാപിച്ച് ഫാ. ജോർജ് പാക്കുവെട്ടിത്തറയെ അതിന്റെ ചുമതല ഏല്പിച്ചു. റീജിയൺ ഡയറക്ടർ എന്ന നിലയിൽ പല സ്ഥലങ്ങളും സന്ദർശിച്ച് മിഷന്റെ ആവശ്യകതയെക്കുറിച്ചു ഞാൻ സംസാരിക്കുകയും സമുദായാംഗങ്ങളുടെ സംശയങ്ങൾക്ക് നിവാരണം വരുത്തുകയും ചെയ്തു. അതിനുശേഷം ഇപ്പോൾ പുതിയ ക്നാനായ മിഷനുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

### നുറുങ്ങുവെട്ടം



**ക്നാനായ സഭാ കൂട്ടായ്മയിൽ ചേരാതെ മക്കൾ ക്നാനായ വിവാഹം നടത്തിയതുകൊണ്ടു മാത്രം നിങ്ങളുടെ കുടുംബം നാളെ ക്നാനായ സമുദായത്തിൽ നിലനില്ക്കണമെന്നില്ല.**

അടുത്ത കാലത്ത് ക്നാനായ വിഷയങ്ങളെക്കുറിച്ച് കെ.സി.സി.എൻ.എ.യും കോട്ടയം അതിരൂപതാദ്ധ്യക്ഷനായ മാർ മാത്യു മൂലക്കാട്ടുപിതാവും മിഷൻ ഡയറക്ടർമാരുമായുണ്ടായ ധാരണയുടെ വെളിച്ചത്തിൽ കഴിയുന്നത്ര സ്ഥലങ്ങളിലെല്ലാം ക്നാനായ മിഷനുകൾ സ്ഥാപിക്കണമെന്നും, നിലവിലുള്ള മിഷനുകളിൽ പള്ളികൾ സ്വന്തമായി സ്ഥാപിച്ച് ഇടവകകളായി വളരണമെന്നും, ക്നാനായ റീജിയണെ ക്നാനായ രൂപതയാകത്തക്കവിധം വികസിപ്പിക്കണമെന്നും തീരുമാനിക്കുകയുണ്ടായി. അങ്ങനെ, വടക്കേ അമേരിക്കയിലെ ക്നാനായക്കാരിലുണ്ടായ ആശങ്കകളും തെറ്റിധാരണകളും കുറഞ്ഞതോടെ മിഷനുകൾക്ക് അജപാലന സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള അനുകൂല സാഹചര്യം സംജാതമായിരിക്കുകയാണ്.

ക്നാനായ റീജിയന്റെ പ്രതിനിധി സമ്മേളനം രണ്ടു പ്രാവശ്യം ഷിക്കാഗോയിലെ ക്നാനായ പള്ളിയിൽ നടക്കുകയുണ്ടായി. നിലവിലുള്ള മിഷനുകളുടെ ഡയറക്ടർമാരും അല്മായ പ്രതിനിധികളും പങ്കെടുത്ത ആ രണ്ടു സമ്മേളനങ്ങളിലും രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയാത്തു പിതാവു പങ്കെടുത്ത് വേണ്ട മാർഗനിർദ്ദേശങ്ങളും പ്രോത്സാഹനവും നല്കുകയുണ്ടായി.

കഴിഞ്ഞ നവംബർ 20ന് ചേർന്ന ക്നാനായ റീജിയന്റെ തീരുമാന പ്രകാരം മൂന്നു മാസത്തിലൊരിക്കൽ ക്നാനായ റീജിയണു വേണ്ടി മിഷനുകളിൽ വിതരണം ചെയ്യുവാൻ ന്യൂസ് ലെറ്റർ പ്രസിദ്ധപ്പെടുത്തണമെന്നു തീരുമാനിക്കുകയുണ്ടായി. സൗകര്യാർത്ഥം ഷിക്കാഗോ ക്നാനായ ഇടവകയുടെ പ്രതിവാര ന്യൂസ് ലെറ്ററിന്റെ മൂന്നു മാസത്തിലൊരിക്കലുള്ള ഒരു ലക്കം ഇതിനായി പ്രയോജനപ്പെടുത്തുവാനാണു തീരുമാനിച്ചത്. അതിൻപ്രകാരമുള്ള ആദ്യ ലക്കമാണ് ഇത്. അടുത്ത ലക്കം ഏപ്രിൽ രണ്ടാം ഞായറാഴ്ചത്തേതായിരിക്കും. എന്നാൽ കഴിഞ്ഞ 2005 ഒക്ടോബർ 2 മുതൽ തുടർച്ചയായി പ്രസിദ്ധപ്പെടുത്തിപ്പോരുന്ന ഈ ന്യൂസ് ലെറ്ററിന്റെ എല്ലാ ലക്കവും ഇന്റർനെറ്റിൽ ലഭ്യമാണ്. അവയിലെ പല ലേഖനങ്ങൾ, പ്രത്യേകിച്ചു വികാരിയുടെ സന്ദേശം, ഷിക്കാഗോ ക്നാനായക്കാർക്കു മാത്രമല്ല, വടക്കെ അമേരിക്കയിലെ എല്ലാ ക്നാനായ കത്തോലിക്കർക്കും മാർഗദർശനമേകുന്നതാണ്.

നമ്മുടെ സമുദായത്തെ ക്നാനായ സഭയെന്നാണ് മാദ്ധ്യമങ്ങൾ വിശേഷിപ്പിക്കുന്നത്. പ്രായോഗിക തലത്തിൽ അതു ശരിയാണ്. കാരണം ഈ സമുദായം കത്തോലിക്കാ സഭയുടെയും യാക്കോബായ സഭയുടെയും അജപാലന സംവിധാനങ്ങളിലൂടെയാണ് നിലനില്ക്കുന്നതും വളർന്നു വികസിക്കുന്നതും. സഭാപരമായ സംവിധാനങ്ങളിൽ നില്ക്കുമ്പോൾ സഭയുടെ ചട്ടക്കൂടിൽ ഐക്യത്തോടെ വളരുവാനും കൂട്ടം തെറ്റി പറക്കാതിരിക്കുന്നതിനും ആരാധനാ സമൂഹമെന്ന നിലയിൽ വൈദിക നേതൃത്വത്തിൽ അജപാലനപരവും സാമൂഹ്യവും സാമുദായികവും വിദ്യാഭ്യാസപരവുമായി വളർന്നു വികസിക്കുവാനും ഇടയാകുന്നു. അടുത്തകാലം വരെ വടക്കേ അമേരിക്കയിൽ നമുക്കു സഭാ സംവിധാനം വേണ്ടത്ര

*(Continued on page 3)*

## KNANAYA CATHOLIC REGION: PARISH & MISSIONS

| NO. | NAME & ADDRESS | PASTOR/DIRECTOR PHONE & E-MAIL | FAMILIES |
|---|---|---|---|
| 1 | Sacred Heart Knanaya Catholic Parish, Chicago | Fr. Abraham Mutholath<br>1-773-412-6254 / mutholath2000@yahoo.com | 758 |
| 2 | Holy Family Knanaya Catholic Mission, Atlanta | Fr. Thomas Edathiparambil<br>1-404-428-3952 / stany022000@yahoo.co.in | 92 |
| 3 | Knanaya Catholic Mission, Brooklyn, New York | Fr. James Ponganayil<br>1-914-309-5822 / jponganayil@yahoo.com | 162 |
| 4 | Knanaya Catholic Mission, Dallas | Fr. James Cheruvil<br>1-713-384-6944 / jamesachandy@yahoo.co.in | 110 |
| 5 | Knanaya Catholic Mission, Detroit | Fr. Abraham Mutholath | 90 |
| 6 | Knanaya Catholic Mission, Houston | Rev. Fr. James Cheruvil<br>1-713-384-6944 / jamesachandy@yahoo.co.in | 330 |
| 7 | St. Stephen's Knanaya Catholic Mission, Las Vegas | Rev. Fr. Thomas Mulavanal<br>1-310-709-5111 / mulavan@hotmail.com | 19 |
| 8 | St. Pius X Knanaya Catholic Mission, Los Angeles | Fr. Thomas Mulavanal<br>1-310-709-5111 / mulavan@hotmail.com | 85 |
| 9 | Knanaya Catholic Mission, South Florida | Fr. George Pakkuvettithara<br>1-305-335-0715 / pmgeorge7@hotmail.com | 80 |
| 10 | Knanaya Catholic Mission, Newark, New Jersey | Fr. James Ponganayil<br>1-914-309-5822 / jponganayil@yahoo.com | 118 |
| 11 | Knanaya Catholic Mission, Philadelphia | Rev. Fr. Thomas Vattothuparambil<br>1-215-646-4686 | 36 |
| 12 | Knanaya Catholic Mission, Rockland, New York | Fr. James Ponganayil<br>1-914-309-5822 / jponganayil@yahoo.com | 105 |
| 13 | St. Mary's Knanaya Catholic Mission, San Jose | Fr. John Chennakuzhy<br>1-408-824-4374 / chennakuzhy@yahoo.co.in | 187 |
| 14 | Knanaya Catholic Mission, Westchester & Bronx | Fr. James Ponganayil<br>1-914-309-5822 / jponganayil@yahoo.com | 115 |

*(Continued from page 2)*

ഇല്ലാതിരുന്നതിന്റെ അനൈക്യവും അരാജകത്വവും നാം ഏറെ അനുഭവിക്കുകയുണ്ടായി.

നമ്മുടേതായ സഭാസംവിധാനം കെട്ടിപ്പടുക്കുവാൻ അവസരമില്ലാതിരുന്ന കാലഘട്ടത്തിൽ നമ്മുടെ അല്മായ സംഘടനകൾ നിർവ്വഹിച്ച സേവനം പ്രശംസനീയമാണ്. എന്നാൽ 2001ൽ സീറോ-മലബാർ രൂപത നിലവിൽ വന്നതോടെ നമുക്ക് അജപാലന സംവിധാനങ്ങൾ ക്രമപ്പെടുത്തുവാനുള്ള നൈയാമിക സാഹചര്യം സംജാതമായി. തെറ്റിധാരണകൾ നീങ്ങിയ സാഹചര്യത്തിൽ രൂപതയുടെ അനുവാദത്തോടെ നമ്മുടേതായ സഭാ സംവിധാനങ്ങൾ പടുത്തുയർത്തുവാൻ നാം ഉത്സാഹിക്കണം. അല്മായ സംഘടനകൾക്ക് അജപാല ശുശ്രൂഷയൊഴികെയുള്ള എല്ലാ തലങ്ങളിലും സാമുദായിക സേവനം തുടരാമെന്നു മാത്രമല്ല, അവയെ സജീവമാക്കുകയും വേണം. എന്നാൽ ഇടവക ചെയ്യേണ്ട ശുശ്രൂഷ നിർവ്വഹിക്കുവാൻ സംഘടനയ്ക്കു സാധിക്കുകയില്ലാത്തതിനാൽ നമുക്കു പള്ളികൾ ഉണ്ടാക്കി ഇടവകകളായി വളരണം.

വാരാന്ത്യത്തിലെ ഇടവക കൂട്ടായ്മയിലൂടെ നാമും നമ്മുടെ കുട്ടികളും യുവജനങ്ങളും സാമുദായിക ഐക്യത്തിലും സ്നേഹത്തിലും പാരമ്പര്യങ്ങളിലും വളർന്നു വികസിക്കേണ്ടത് നമ്മുടെ സാമുദായിക നിലനില്പിന് അത്യാവശ്യമാണ്. ഇടവകകൾ അജപാലന ശുശ്രൂഷയിൽ ശ്രദ്ധകേന്ദ്രീകരിക്കുമ്പോൾ ഇതര സേവനങ്ങൾക്കായി നമ്മുടെ സംഘടനകളും സജീവമാകണം. ഇവ രണ്ടും ഒരേ ജനതയ്ക്കുവേണ്ടി വ്യത്യസ്ഥ തലങ്ങളിൽ വ്യത്യസ്ഥ നിയമാവലി പ്രകാരം സേവനം ചെയ്യേണ്ടതാണ്. എന്നാൽ ഇവ രണ്ടും പരസ്പര ധാരണയോടെ സഹകരിച്ചു പ്രവർത്തിച്ചുകൊണ്ട് നമ്മുടെ സാമുദായിക താല്പര്യങ്ങൾ സംരക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധരാകണം. അതിലൂടെ ഈ പ്രവാസി നാട്ടിൽ നമ്മുടെ മക്കൾ നമ്മുടെ പാരമ്പര്യങ്ങളിൽ അഭിമാനിക്കുന്നവരും, അവയെ പാലിക്കുന്നവരും, വരും തലമുറകളിലേയ്ക്ക് കൈമാറുന്നവരുമാകട്ടെ.

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

# Atlanata Mission Buying a Church






Photos Above: Interior and exterior view of the church to be bought by Holy Family Knanaya Catholic Mission in Atlanta.

This mission is for 92 families living in the state of Georgia. Bishop Mar Jacob Angadiath established this mission on August 15, 2008. The Mission has six Religious Education Classes with 48 students, 10 teachers, and 12 volunteers.

Rev. Fr. Stany Edathiparambil is the mission director.





Bishop Mar Jacob Angadiath addressing the second meeting of the Knanaya Catholic Region held at Sacred Heart Knanaya Catholic Church in Chicago on November 20, 2008.



## Knanaya Catholic Mission of South Florida

Bishop Mar Jacob Angadiath established this mission on July 21, 2007.

This mission consists of 80 families in South Florida. Holy Mass is offered once a month.

Rev. Fr. George Pakkuvettithara is in charge of this mission.







Photos Above: Bishop Mar Jacob Angadiath announcing the establishment of Knanaya Catholic Region in St. Thomas Syro-Malabar Diocese of Chicago on April 30, 2006 at O.L.V. Church in Chicago and handing over the decree to Rev. Fr. Abraham Mutholath appointing him as the director of the region.

Photo Below: Bishop Mar Angadiath along with priests and lay representatives from various missions who participated in the first Knanaya Region Meeting held at Sacred Heart Knanaya Catholic Church in Chicago in September 28, 2007.





Bishop Mar Jacob Angadiath along with priests and lay representatives from various missions who participated in the second Knanaya Region Meeting held at Sacred Heart Knanaya Catholic Church in Chicago on November 20, 2008.

# സാൻ ഹൊസേയിലെ സെന്റ് മേരീസ് ക്നാനായ മിഷൻ

ഫാ. ഡോമിനിക് മഠത്തിൽകളത്തിൽ ഡയറക്ടറായി 2000 ജൂലൈ ഒന്നിനാണ് സാൻ ഹൊസേയിലെ ക്നാനായ മിഷൻ സ്ഥാപിതമായത്. ഇപ്പോഴത്തെ ഡയറക്ടർ ഫാ. ജോൺ ചേന്നാകുഴി 2008 സെപ്തംബർ 28ന് ചാർജെടുത്തു.

ഒക്ടോബർ 2008 മുതൽ മിഷന്റെ പ്രവർത്തനങ്ങൾ ക്യാമ്പ്ബെല്ലിലെ സെന്റ് മേരീസ് അസ്സീറിയൻ കാൽഡിയൻ ചർച്ചിൽ പ്രവർത്തിക്കുവാൻ തുടങ്ങി. എല്ലാ ആഴ്ചയിലും വൈകുന്നേരം അഞ്ചുമണിക്ക് ആരംഭിക്കുന്ന വിശുദ്ധ കുർബ്ബാനയോടനുബന്ധിച്ച് കൊന്ത നമസ്കാരവും, മാസത്തിലെ ആദ്യ ആഴ്ചയിൽ മാതാവിന്റെ നൊവേനയും നടത്തപ്പെടുന്നു.

പ്രീ-കെ മുതൽ എട്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് മതബോധന ക്ലാസ്സുകൾ ആരംഭിച്ചു. ബിനോയ് ചേന്നാത്താണ് അതിന്റെ കോർഡിനേറ്റർ. റ്റോമി പഴയമ്പള്ളി, ജെസ്സി വെള്ളിയാൻ, നിഷി വെള്ളിയാൻ, ആൻ പുറയമ്പള്ളി, അൻജലി വെള്ളിയാൻ, മെർലിൽ കളപ്പുരത്തട്ടേൽ, ഷീബ പുറയമ്പള്ളി, വിൻസു പുളിക്കൽ, ജൈസൺ നടക്കുഴയ്ക്കൽ, ബിൻസി നടക്കുഴയക്കൽ, ജൈസി ആയിരംതറയ്ക്കൽ എന്നിവരാണ് മതാദ്ധ്യാപകർ. യുവതീയുവാക്കൾക്കുവേണ്ടി ലൂക്കോസ് ചാമക്കാലായിൽ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു.

ജോൺസൺ പുറയമ്പള്ളി, ബേബി വട്ടാടികുന്നേൽ, റ്റോമി പഴയമ്പള്ളി, ബോബൻ തേക്കുംകാട്ടിൽ എന്നിവർ കൈക്കാരന്മാരായുള്ള 17 അംഗ പാരീഷ് കൗൺസിലിനെ പൊതുയോഗം തെരഞ്ഞെടുക്കുകയുണ്ടായി. ദൈവാലയ ശുശ്രൂഷികളായി തോമസ് വാലേൽ, ജോർലി തകഡേൽ എന്നിവർ സേവനം ചെയ്യുന്നു.

ഇപ്രാവശ്യത്തെ ക്രിസ്തുമസ് കുർബ്ബാന സെന്റ് സിപ്രിയാൺ കാത്തലിക് ചർച്ചിൽ ഡിസംബർ 24ന് അർപ്പിച്ചു. അതോടനുബന്ധിച്ച് മതബോധന സ്കൂളിലെ കുട്ടികൾക്കും യുവജനങ്ങൾക്കും വിവിധ വിനോദ പരിപാടികൾ നടത്തുകയുണ്ടായി.

സാൻ ഹൊസേ മിഷനിൽ 182 കുടുംബങ്ങൾ ഉൾക്കൊള്ളുന്ന 635 അംഗങ്ങളാണുള്ളത്.

***തയ്യാറാക്കിയത്: ജോമി വെള്ളിയാൻ***



Photo Above: San Jose Mission Director Fr. John Chennakuzhy. Photo Right: Youth Group. Photo Below: Religious Education Staff and students.





# ആത്മീയ നിറവോടെ ഹ്യൂസ്റ്റൺ ക്നാനായ മിഷൻ

ബഹുമാനപ്പെട്ട ജോസഫ് മേലേടത്തച്ചന്റെ അദ്ധ്യക്ഷതയിൽ 1994 ഡിസംബറിൽ സമാരംഭിച്ച ഹ്യൂസ്റ്റൺ ക്നാനായ മിഷൻ, ഇപ്പോഴത്തെ ഡയറക്ടർ ഫാ. ജെയിംസ് ചെരുവിലിന്റെ നേതൃത്വത്തിൽ അമേരിക്കയിലെ ശക്തമായ കത്തോലിക്കാ സമൂഹമായി വളർന്നുകഴിഞ്ഞു.



**Fr. James Cheruvil**
Mission Director
Houston

അർപ്പണബോധമുള്ള 330 കുടുംബങ്ങൾ, 300 കുട്ടികൾ ഊർജ്ജ്വസ്വലതയോടേ പങ്കെടുക്കുന്ന മതപഠന ക്ലാസ്സുകൾ, യൂത്ത് ലീഗ്, വിമൻസ് ഫോറം, സീനിയർ സിറ്റിസൺസ് ഫോറം തുടങ്ങി മിഷന്റെ പ്രവർത്തന മേഖല വിപുലമാണ്.

ഓശാനയും ദുഃഖവെള്ളിയും ഈസ്റ്ററും ക്രിസ്തുമസുമൊക്കെ ഭക്തിനിർഭരമായി കൊണ്ടാടുമ്പോൾ, വാർഷിക ധ്യാനത്തിലൂടെ ആത്മീയ സായൂജ്യത്തിനും സമൂഹം സമയം കണ്ടെത്തുന്നു. ബുധനാഴ്ചകളിൽ നടത്തപ്പെടുന്ന വിശുദ്ധ യൂദാശ്ലീഹായുടെ നൊവേന മിഷന്റെ ആത്മീയ തേജസ് വർദ്ധിപ്പിക്കുന്നു.

അഭിവന്ദ്യ മാർ പണ്ടാരശ്ശേരിൽ പിതാവിൽനിന്ന് 2008ൽ 30 കുട്ടികൾ തൈലാഭിഷേകവും 16 പേർ ആദ്യകുർബ്ബാന സ്വീകരണവും നടത്തി. ഒക്ടോബർ 12ന് വിശുദ്ധ യൂദാശ്ലീഹായുടെ തിരുന്നാൾ പൂർവ്വാധികം ഭംഗിയായി ആഘോഷിച്ചു. ഒക്ടോബർ 21, 22 തീയതികളിൽ സെഹിയോൻ റിട്രീറ്റ് ഡയറക്ടർ ഫാ. സേവ്യർഘാൻ വട്ടായിൽ നയിച്ച വചന പ്രഘോഷണത്തിൽ നൂറുകണക്കിനു വിശ്വാസികൾ പങ്കെടുത്തു.

മിഷൻ മദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുന്നാൾ ഒക്ടോബർ 26ന് ഭക്തിനിർഭരമായി ഗൃഹാതുരത്വം തൊട്ടുണർത്തിയ കഴുന്നെടുപ്പ്, വിശുദ്ധ കുർബ്ബാന, തുടർന്ന് ചെണ്ടമേളം താളലയങ്ങളോടെ മാതാവിന്റെ വിശുദ്ധ രൂപം എഴുന്നള്ളിച്ച് ഭക്തി നിർഭരമായി പങ്കെടുത്ത് ആബാലവൃദ്ധം ഭക്തസമൂഹം ആത്മ സാക്ഷാത്കാരം നേടി.

*തയ്യാറാക്കിയത്: റ്റോം വിരിപ്പേൽ*

# What It Means to be Catholic?

**Fr. Stany Edathiparampil**
Mission Director of Atlanta.

What is it that makes us Catholic? What are the distinguishing features of Catholicism. In Catholicism you will find answers to life's most troubling questions: Why am I here? Who made me? What must I believe? How must I act? All these can be answered to your satisfaction, if only you will open yourself to God's grace, turn to the church he established and follow his plan for you.

Jesus said his Church would be "the light of the world". He then noted that "a city set on a hill cannot be hid" (Matt.5:14). This means his Church is a "visible" organization. It must have the characteristics that clearly identify it and that distinguish it from other churches. Jesus promised, "I will build my church and the gates of hell will not prevail against it" (Matt.16:18). This means that his church will never be destroyed and will never fall away from him. His church will survive until his return.

The Catholic Church is the only universal Christian Church that has existed since the time of Jesus. Every other Christian group is an offshoot of the Catholic Church. The Eastern Orthodox churches broke away from unity with the Pope in 1054. The Protestant communities were established during the Reformation, which began in 1517. The Catholic Church has existed for nearly 2000 years, despite constant opposition from the world. This is testimony to the Church's divine origin. It must be more than a merely human organization.

**Four marks of the Catholic Church**

1. **The Church is One**. Jesus established only one Church, not a collection of differing churches. The Bible says the Church is the bride of Christ (Eph 5:23-32). Jesus can have but one spouse, and his spouse is the Catholic Church. Hid Church also teaches just one set of doctrines, which must be the same as those taught by the apostles. This is the unity of belief to which scripture calls us.

2. **The Church is Holy**. By his grace Jesus makes the Church holy, just as he is holy. The Church is the source of holiness and is the guardian of the special means of grace Jesus established, the sacraments. The holy sacraments are vital in catholic life. They are living signs of Christ's presence in the world and acts of Christ through the living Church. They deepen our relationship with God, and give guidance and strength on the path to salvation.

3. **The Church is Catholic**. Jesus' Church is called Catholic ("universal" in Greek) because it is his gift to all people. He told his apostles to go throughout the world and make disciples of all nations. So it embraces all people of all times, all places.

4. **The Church is Apostolic**. The Church Jesus founded

*(Continued on page 8)*

# ലോസ് ആഞ്ചലസിലെ ക്നാനായ കാത്തലിക് മിഷൻ

സതേൺ കാലിഫോർണിയായിലെ ക്നാനായ കുടിയേറ്റ സമൂഹത്തിന്റെ അജപാലന ആവശ്യങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് ഒരു സഭാത്മക സംവിധാനം ഉണ്ടാകണമെന്ന ആഗ്രഹത്തിന്റെ സഫലീകരണമാണ് 2002 മാർച്ച് 17ന കാനോനികമായി സ്ഥാപിക്കപ്പെട്ട സെന്റ് പയസ് ടെൻത് മിഷൻ. ലോസ് ആഞ്ചലസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ മിഷനിൽ ഇപ്പോൾ 85 കുടുംബങ്ങളാണുള്ളത്. 1987 മുതൽ ക്നാനായ വൈദികരുടെ സാന്നിദ്ധ്യം ലോസ് ആഞ്ചലസിൽ ഉണ്ടായിരുന്നെങ്കിലും ഷിക്കാഗോ സീറോ-മലബാർ രൂപതയുടെ കീഴിൽ ഔദ്യോഗികമായി മിഷൻ സ്ഥാപിതമായതിനു ശേഷമാണ് അജപാലന പ്രവർത്തനങ്ങൾക്ക് നിയതമായ ക്രമീകരണങ്ങൾ ഉണ്ടായത്.

സമുദായ അംഗങ്ങളുടെ മതാത്മക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ലോസ് ആഞ്ചലസ് ക്നാനായ കത്തോലിക്കാ കോൺഗ്രസ് സാധ്യമായ ക്രമീകരണങ്ങൾ ചെയ്തുവന്നത് മിഷൻ സ്ഥാപിച്ചു കിട്ടുന്നതിനും വളർത്തിയെടുക്കുന്നതിനും ഏറെ സഹായകമായിരുന്നു.

സ്വന്തമായ അജപാലന കേന്ദ്രം ഇല്ലാത്ത സാഹചര്യത്തിൽ സൗകര്യത്തെ പ്രതി രണ്ടു റീജിയണായിട്ടാണ് ഞായറാഴ്ചകളിൽ ദിവ്യബലിയും വിശ്വാസ പരിശീലനവും നടത്തി വരുന്നത്. ലോസ് ആഞ്ചലസ് ടൗണിന്റെ തെക്കു ഭാഗത്ത് താമസമാക്കിയിട്ടുള്ളവരുടെ സൗകര്യാർത്ഥം സാൻ ഫെർണാണ്ടോ വാലിയിലുള്ള കൊറിയൻ കാത്തലിക് പള്ളിയിൽ വച്ചും കിഴക്ക് പടിഞ്ഞാറു ഭാഗത്തുള്ളവർക്കുവേണ്ടി സെറിറ്റോസിലുള്ള ഹോളി ഫാമിലി പള്ളിയിൽ വച്ചും ഞായറാഴ്ചകളിൽ മാറിമാറി ദിവ്യബലി അർപ്പിച്ചുവരുന്നു.

പരിമിതമായ സമയവും സൗകര്യങ്ങളുമെ ലഭിച്ചിട്ടുള്ളുവെങ്കിലും 20ഓളം കുട്ടികൾക്ക് മതപഠന ക്ലാസ്സുകൾ നടത്തിവരുന്നു. സെറിറ്റോസ് കേന്ദ്രമാക്കിയുള്ള സെന്ററിലും മതബോധന പരിശീലനം ഒരുക്കുവാനുള്ള ശ്രമത്തിലാണിപ്പോൾ.

ക്രിസ്തുമസ്, ഈസ്റ്റർ, വാർഷിക ധ്യാനം, മിഷൻ മധ്യസ്ഥനായ വിശുദ്ധ പത്താം പീയൂസിന്റെ തിരുനാൾ (ആഗസ്റ്റ് 21) എന്നീ അവസരങ്ങളിൽ എല്ലാവർക്കും വന്നുചേരുവാൻ സൗകര്യപ്രദമായ സെന്റർ വാടകയ്ക്കെടുത്താണ് അജപാലന കാര്യങ്ങളും തിരുക്കർമ്മങ്ങളും നടത്തുന്നത്. കഴിഞ്ഞ മൂന്നു വർഷമായി നടത്തിവരുന്ന തിരുനാളിൽ ധാരാളം ആളുകൾ പങ്കെടുക്കാറുണ്ട്.

റവ. ഫാ. ഏബ്രഹാം മുത്തോലത്ത്, റവ. ഫാ. തോമസ് ആനിമൂട്ടിൽ, റവ. ഫാ. മാത്യു കട്ടിയാങ്കൽ എന്നിവർ ഈ മിഷനിലെ അജപാലന ശുശ്രൂഷകൾക്ക് നേതൃത്വം നല്കിയിട്ടുള്ളവരാണ്. 2005 ആഗസ്റ്റ് മുതൽ റവ. ഫാ. തോമസ് മുളവനാലാണ് മിഷൻ ഡയറക്ടറായി പ്രവർത്തിച്ചു വരുന്നത്.

സ്വന്തമായൊരു അജപാലന കേന്ദ്രം ഉണ്ടാകണമെന്ന ആഗ്രഹം സജീവമാണെങ്കിലും, സ്ഥല സൗകര്യങ്ങൾക്കുള്ള കാലിഫോർണിയായിലെ അമിത വില ഈ ചെറിയ സമൂഹത്തിന്റെ ആഗ്രഹത്തെ സഫലമാക്കാതിരിക്കുന്നു. ഒന്നും അസാദ്ധ്യമല്ലാത്ത ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് അനതി വിദൂര ഭാവിയിൽ ആരാധനാലയം സ്വന്തമായി ഉണ്ടാകുന്നതിനുള്ള പ്രാർത്ഥന സജീവമായി തുടരുന്നു.

ജോസ് ആട്ടേൽ, തോമസ് പറയങ്കാലയിൽ, കുര്യാക്കോസ് ചാഴികാട്ട് എന്നിവരാണ് ഇപ്പോഴത്തെ കൈക്കാരന്മാർ. റിലിജിയസ് എഡ്യൂക്കേഷൻ ഡയറക്ടറായി ജോജി മണലേലും പി.ആർ.ഒ. ആയി റോജി കണ്ണാലിയും പ്രവർത്തിക്കുന്നു. കൂടാതെ സജീവമായൊരു മിഷൻ കമ്മറ്റി ഇതര പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുന്നു. ക്നാനായ കത്തോലിക്കാ കോൺഗ്രസ്, കെ.സി.വൈ.എൽ., കിഡ്സ് ക്ലബ് എന്നിവയും മിഷന്റെ പ്രവർത്തനങ്ങളിൽ സഹായിച്ചുവരുന്നു.

ലാസ് വേഗാസ്, ഫീനിക്സ്, ബേക്കേഴ്സ് ഫീൽഡ് എന്നിവിടങ്ങളിലുള്ള ക്നാനായ കുടുംബങ്ങളും ലോസ് ആഞ്ചലസ് മിഷന്റെ അജപാലന പ്രവർത്തനങ്ങളോടു സഹകരിച്ചു പ്രവർത്തിക്കുന്നുവെന്നത് പ്രത്യേകം സ്മരണീയമാണ്. ലാസ് വേഗാസിൽ ഇപ്പോൾ പുതിയ മിഷൻ ഉണ്ടായി എന്നതു സന്തോഷകരമാണ്.

***തയ്യാറാക്കിയത്: റോജി കണ്ണാലിൽ***

*(Continued from page 7)*

is apostolic because he appointed the apostles to be the first leaders of the church, and their successors were to be its future leaders.

A catholic is a Christian who believes that God, the creator of heaven and earth, is revealed to all people through Jesus Christ and the purpose of life is to know, love and serve God through divine worship and service to others. Unlike other Christians, Catholics recognize the authority of the Pope and bishops for preserving truth of faith and doctrine. We relate to the whole church through our parish, our local church community. Our parish is all those people living within a certain area of a diocese. Every parish is headed by a priest, nurtured by the mass and sacraments celebrated in the parish church witnessing Christ's love together. The parish is also focus for a wide range of other activities like educational, social and physical, as well as spiritual. Getting involved in our parish helps us grow as Christian witnesses.

To acknowledge that it is a privilege to be Catholic is simply to recognize God's gift in calling us to this Church. It should not make us look down on other churches. We should respect the sincere beliefs of others and see the genuine goodness in many holy people of every creed. But just as we cannot really love others unless we love ourselves, so we cannot really respect and cherish the goodness in other churches unless we first respect and cherish the goodness in our own.




Photo Above: Participants and organizers of the residential youth retreat of Chicago parish held at Bishop Lane Retreat Center in Rockford.

Photo Right: Participants and leaders of residential couples' retreat held by Chicago parish at Bishop Lane Retreat Center in Rockford.



**14th Death Anniversary**

**01-17-2009**



## ജോസഫ് ചൂട്ടുവേലിൽ

**(കുഞ്ഞൂഞ്ഞച്ചൻ)**

ജനനം: 01-17-1926

മരണം: 01-17-1995

## അദരാഞ്ജലി



**ഷിക്കാഗോ ഇടവകയിൽനിന്ന് 2009 ജനുവരി 4ന സ്വർഗ്ഗത്തിലേക്കു വിളിക്കപ്പെട്ട ശ്രീ. ഫിലിപ്പ് കുര്യൻ ഞാറവേലിയ്ക്ക് ഇടവകാംഗങ്ങളുടെ പ്രാർത്ഥനാശംസകൾ. ദുഃഖാർത്തരായ കുടുംബാംഗങ്ങൾക്ക് അനുശോചനം അറിയിക്കുന്നു.**







Photo Above: Tour to Winter Wonderland by the students and coordinators of S.H. Church Band Academy in Chicago.
Photos Right from above: Fundraising Kickoff for the land purchase for St. Mary's Church, Chicago in Hoffman Estates. First Holy Mass of Knanaya Mission of Detroit on January 3, 2009 by Mission Director Fr. Abraham Mutholath

**മേവുഡ് മാതാവിന് ഉപകാര സ്മരണ**



- മേരി പിണർകയിൽ

**മേവുഡ് മാതാവിന് ഉപകാര സ്മരണ**



- ജോണി & അന്നമ്മ തെക്കേപ്പറമ്പിൽ

**ഉപകാര സ്മരണ**



ജോണി & അന്നമ്മ തെക്കേപ്പറമ്പിൽ



Next Syro-Malankara Holy Mass of Chicago Knanaya Catholic Church will be held on Sunday January 11th at 8:30 A.M. by Rev. Fr. Saji Mukkoott. All are welcome.

YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out
Professional with 11 years experience in catering.
Call
WILLIAM GEORGE
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

For All Your Tax Services
Free Electronic Filing & Fast Refund
Sabu Madathiparambil
Cell: 847-276-7354
Off: 847-655-7472
1600 W. Dempster St., Suite 205
(Opp. to Lutheran General Hospital)
Park Ridge, IL 60068
sabuaphilip@hotmail.com

Loan Consultant
Citywide JMW Realty Inc.
Cell: 847-276-7354
Sabu Madathiparambil
Citywide Mortgage of America Corp.
sabuaphilip@hotmail.com
Home: 847-918-0242
Illinois Residential Mortgage Licensee
Equal Housing Lender



Best compliments from The Mutholath Family

Pro-Rehab Services, P.C.
Outpatient Rehab. Specialists.
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800
Palos Heights, IL 60463
(708) 489 6PRS
9518 W. 179th Street
Tinley Park, IL 60487
www.pro-rehabservices.com

Choicecare Home Health, Inc.
Skilled Home Health Agency of Choice
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
6400 College Dr. Suite 100, Palos Heights, IL 60463
(708) 489-0123, www.choicecarehh.com

Medicare Certified, most insurance accepted.


THE KNANAYA GASOLINE DISTRIBUTION COMPANY
Gas
DEPOT
Best Compliments from:
JOY NEDIYAKALAYIL
& Family, Chicago
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com

**Greetings to Knanaya Catholic Parish Chicago**



SERVING THE MALAYALEE COMMUNITY SINCE 1982

Personal Injury • Wrongful Death • Medical Negligence • Car Accidents • Slip and Fall • Work Injuries

*Your Call is Always Welcome*

# Attorney Steve Crifase

**312-855-0511**

8 South Michigan, Suite 2000, Chicago, Illinois 60603

*Dupage County Office and Home Visits Available*

**ST. MICHAEL'S TOWING**
24 HOUR ROADSIDE ASSISTANCE
1-866-JOE-4-TOW

**POWER WASH** 847-568-1500
4002 W. Chicago, IL
7736 W. Dempster, Morton Grove, IL



JOY CHEMMACHEL
312-560-1600

CLARK · Shell · Gas DEPOT · MARATHON · CITGO

Gasoline distribution throughout the Midwest

***Your KNANAYA Gasoline Jobber***

**Gas Depot Oil Co.**
IL 60053
847-581-0303 (Off)
847-581-0309 (Fax)
**www.gasdepot.com**

**WE ARE COMMITTED TO EXCELLENCE**
COMING TOGETHER TO SERVE YOU BETTER



Sofi Lukose Puthenpurayil
Cell: 847-894-7486

Cyriac Lukose Puthenpurayil, Msc
Cell: 847-877-2870

RESIDENTIAL & COMMERCIAL
RE/MAX

# ROYAL TRAVEL SERVICE

3423 W. LAWRENCE AVE, ROOM #5, CHICAGO, IL 60625
TEL: (773) 509-9600, FAX: (773) 509-1196

*KUWAIT AIRWAYS * AIR INDIA * MALAYSIAN
* SWISS AIR * BRITISH AIRWAYS * LUFTHANSA
AIR FRANCE * KLM * SINGAPORE AIR, ETC.,

**YOUR KNANAYA TRAVEL AGENCY**

CONTACT: JOSE KORATTIYIL, JAY KALAYIL, CHERIAN VENKADATHU

**LINCOLNWOOD MORTGAGE SERVICES, INC.**



4039 W. Main St., Skokie, IL 60076
Phone: 847-674-1600
Fax: 847-674-1608
*For all your Mortgage Services*

Please contact: **Benny Kuriakose Kanjiraparayil**
Phone: 847-583-1245, Cell: 773-983-0497
**PURCHASE, REFINANCES, FIXED, ADJUSTABLE**
**We offer fast approvals.**

**H&R BLOCK** tax, mortgage and financial services



**Mathadas Zachariah**
Tax Specialist 3
847-436-4330 (Cell)

Western Plaza 6212 N. Western Avenue
Chicago, IL 60659
Tel 773 973 4288 Fax 773 973 0166

District Office Year Round Service
4931 W. Irving Park Road Chicago, IL 60641
Tel 773 545 2734 Fax 773 545 0829 hrblock.com

*Home dream home !*
*To fulfill your sweet dream call today & experience the difference !*

**Shaji Nirappil**
Cell: (630)886-1044
Office: (630)539-7076
Fax: (630)833-6747
shajinirappil@hotmail.com



**Avian Realty**
Serving You More For Less

MLS

**SPACE AVAILABLE FOR YOUR ADVERTISEMENT**

**CITYWIDE JMW REALTY INC.**



4313 W. Irving Park, Chicago, IL 60641

**ALEX MULLAPPALLIL**
REALTOR CONSULTANT

Tel: 773-286-6200 * Cell: 847-208-6657
Res: 847-679-9431 * Fax: 773-286-9516

Specializing in: Gas Stations, Investments, Commercial, & Residential.

**FAMILY DENTAL Practice**

- Most Insurance accepted
- Free Consultation
- Emergencies promptly treated



Comprehensive Family & Cosmetic Dentistry
ORTHODONTICS (BRACES & INVISALIGN)
for children and Adults
DISCOUNTS available for every one
**MAJOR DISCOUNTS**
For patients WITHOUT insurance

Dr. Susnn Edukutharayil, B.D.S.,D.D.S.
(University of Illinois graduate)
Practicing Dentistry in Chicago land area for the past 12 years !!!

**9709 N. Milwaukee Ave., Glenview, IL 60025**
(Northwest Corner of Milwaukee & Greenwood)
**Office: (847) 581-1418 Fax: ( 847) 581-1445**
Emergency: (630) 674-6201 Home: (630) 674-6207

**FOR ALL YOUR PERSONAL AND BUSINESS TAX SERVICES**



**TOMY NELLAMATTAM**
619 N. Milwaukee Ave., Suite 25
Glenview, IL 60025.
847-486-4112 (Off)
847-302-8556 (Cell)
847-724-3247 (Fax)



**Jaibu Mathew, E.A.**
ENROLLED TO PRACTICE BEFORE IRS

7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com

* Free Electronic Filing *
* Refund in 24 Hours *

**CitizensBank&Trust**
5700 N. Central Ave. Chicago, IL 60646

**YOUR COMMUNITY BANK!**
**WE ARE HERE FOR ALL YOUR NEEDS!**
***Commercial * Residential * Investments***

FDIC FEDERAL DEPOSIT INSURANCE CORPORATION
EQUAL HOUSING LENDER

**ANNA G. LES**
ASSISTANT VICE PRESIDENT
Main: 773.763.6200
Email: annales@cbtoc.com

**United ATM & CARD**
***Your Source For Revenue***
619 N. Milwaukee Ave. Suite # 17
Glenview, IL 60025
**FREE ATM Machine**
**FREE Credit Card Machine**
**Call Thampychen Chemmachel**
Toll Free 866 595 8192 Office 847 510 5725
Cell 630 788 6486 Jlukose@ uaacc.com